18449
19/10/19

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരളാ 39-ാം നമ്പർ മത്സ്യബന്ധന ബോട്ട് പണയപ്പെടുത്തിയത് - പലിശയും പിഴപ്പലിശയും ഒഴിവാക്കി മരണപ്പെട്ട അബുവിന്റെ ആധാരം അവകാശികൾക്ക് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

===========================================================

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.757/2019/മ.ഉ.വ. തീയതി, തിരുവനന്തപുരം,16/10/2019**

===========================================================

പരാമർശം : ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 12/07/2019 ലെ ജി3/27188/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**1.** 1973 ൽ വിതരണം ചെയ്ത "കേരളാ 39-ാം നമ്പർ ബോട്ട്"-ന് വേണ്ടി ഫിഷറീസ് വകുപ്പിൽ പണയപ്പെടുത്തിയ ആധാരം തിരികെ ലഭ്യമാക്കണമെന്ന് ബോട്ടുടമ അബുവിന്റെ മകൻ ശ്രീ.മുസ്തഫ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും ബോട്ട് പണയപ്പെടുത്തിയതനുസരിച്ച് ആധാരം തിരികെ നൽകുന്നതിന് പലിശയും പിഴപ്പലിശയും ഉൾപ്പെടെ 3,03,810/-രൂപ അടയക്കേണ്ടതായി വരും എന്നും അബു മരണപ്പെട്ടുവെന്നും ടിയാന്റെ കുടുംബം സാമ്പത്തികമായി മെച്ചമല്ലാത്തതിനാൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകിയാൽ മുതൽ തുക മാത്രം ഒടുക്കുന്നതിന് സമ്മതമാണെന്നറിയിച്ചിട്ടുണ്ടെന്നും ആകയാൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ മാത്രം ഈടാക്കി അബുവിന്റെ പേരിലുള്ള ആധാരം തിരികെ നൽകുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം പ്രകാരം ഫിഷറീസ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ശ്രീ.അബു പണയപ്പെടുത്തിയ കേരള 39ാം നമ്പർ ബോട്ടിന്റെ പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള തുക അടയ്ക്കുന്നതിന് ടിയാന്റെ അവകാശികളുടെ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ പ്രസ്തുത ബോട്ടിന്റെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി മുതൽ തുകയായ 1,02,048/-രൂപ (ഒരു ലക്ഷത്തി രണ്ടായിരത്തി നാൽപത്തിഎട്ടു രൂപ മാത്രം) ഈടാക്കി മരണപ്പെട്ട അബുവിന്റെ പേരിലുള്ള ആധാരം തിരികെ നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2...

3. ഫിഷറീസ് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി. ജി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഡയറക്ടർ, വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ